## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3506 — 20.06.2018 ൽ മറുപടിയ്ക്ക്

### ജയിൽ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയിൽ വിവേചനം

| ചോദ്യം<br>ശ്രീ. വി.ഡി. സതീശൻ | | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | ജയിൽ വകുപ്പിൽ അസി. സൂപ്രണ്ട് ഗ്രേഡ് II ൽ മൊത്തം തസ്തികകൾ എത്ര ; നിലവിൽ ഒഴിഞ്ഞു കിടക്കുന്നവയുടെ എണ്ണം ; അവസാനം ഇതേ തസ്തികയിലേയ്ക്ക് നടന്ന പ്രൊമോഷൻ എന്നിവ അറിയിയ്ക്കാമോ ; | (എ) | ജയിൽ വകുപ്പിൽ അസി. സൂപ്രണ്ട് ഗ്രേഡ് II തസ്തികയുടെ നിലവിലെ എണ്ണം 58 ആണ്. ഇതിൽ 47 എണ്ണം ഒഴിഞ്ഞു കിടക്കുകയാണ്. 23.01.2016-ലാണ് പ്രസ്തുത തസ്തികയിലേയ്ക്ക് അവസാനമായി പ്രൊമോഷൻ നടത്തിയത്. |
| (ബി) | ജയിൽ വകുപ്പിൽ ഒരേ വിദ്യാഭ്യാസ യോഗ്യതയും ഒരേ ജോലിയും ചെയ്യുന്ന വനിതാ അസി. പ്രിസൺ ഓഫീസർമാർക്കും പുരുഷ അസി. പ്രിസൺ ഓഫീസർമാർക്കും വ്യത്യസ്ത രീതിയിൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വനിതാ അസി. പ്രിസൺ ഓഫീസർമാർക്കു മാത്രം 8 വർഷത്തെ സർവ്വീസ് പൂർത്തിയാകുമ്പോൾ മേട്രൺ ഗ്രേഡ് II തസ്തികയുടെ ശമ്പളം നിർണ്ണയിച്ചു നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ; | (ബി) | വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടേയും പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടേയും നിലവിലെ ശമ്പള സ്കെയിൽ 20000-45800 രൂപയാണ്. പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊമോഷൻ തസ്തിക ഡെപ്യൂട്ടി പ്രിസൺ ഓഫീസർ ആണ്. അതിനുശേഷമാണ് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷൻ ആകുന്നത്. എന്നാൽ വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയുടെ പ്രൊമോഷൻ തസ്തിക മേട്രൻ ഗ്രേഡ് II (വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II) ആണ്. ടി രണ്ട് തസ്തികയ്ക്കുമിടയിൽ മറ്റൊരു പ്രൊമോഷൻ തസ്തിക ഇല്ല. അതിനാലാണ് വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്ക് 8 വർഷം സർവ്വീസ് |

| | | | |
|---|---|---|---|
| | | | പൂർത്തിയാകുമ്പോൾ മേട്രൻ ഗ്രേഡ് II തസ്തികയുടെ ശമ്പളം നിർണയിച്ച നൽകുന്നത്. |
| (സി) | ഇക്കാര്യത്തിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനമുണ്ടോയെന്ന പരിശോധിക്കുമോ ; വ്യക്തമാക്കുമോ? | (സി) | ജയിൽ വകുപ്പിലെ രണ്ട് വ്യത്യസ്ത തസ്തികകളാണ് വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയും പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയും. ഇവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട് ചെയ്യുന്നതും വ്യത്യസ്ത നോട്ടിഫിക്കേഷനിലൂടെയാണ്. എന്നാൽ ഇവരുടെ ശമ്പള സ്കെയിലുകൾ തുല്യമാണ്. ആയതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനം ഉണ്ടാവുന്നില്ല. |

സെക്ഷൻ ഓഫീസർ